"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്- പഞ്ചായത്ത് ജീവനക്കാര്യം- ഇടുക്കി ജില്ലയിലെ വണ്ടൻമേട് ഗ്രാമ പഞ്ചായത്ത് മുൻ സെക്രട്ടറിയായിരുന്ന ശ്രീ. ഡി അനിൽ കുമാറിനെതിരായ അച്ചടക്ക നടപടി- അപ്പീൽ അപേക്ഷ നിരസിച്ചുകൊണ്ട്- ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.1218/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 27/06/2021

---

പരാമർശം:- 1 പഞ്ചായത്ത് ഡയറക്ടറുടെ 06/10/2018 ലെ PAN/21919/2018-D8(DP) നമ്പർ കുറ്റപത്രം

2 15/01/2019 ൽ ശ്രീ. അനിൽകുമാർ ഡി. സമർപ്പിച്ച എതിർവാദ പത്രിക

3 പഞ്ചായത്ത് ഡയറക്ടറുടെ 29/04/2019-ലെ PAN/21919/2018-D8(DP) നമ്പർ ഉത്തരവ്

4 31/08/2019-ൽ ശ്രീ.ഡി അനിൽകുമാർ സമർപ്പിച്ച അപ്പീൽ

5 പഞ്ചായത്ത് ഡയറക്ടറുടെ 10/11/2019-ലെ PAN/21919/2018-D8(DP) നമ്പർ കത്ത്

**<u>ഉത്തരവ്</u>**

2018 ൽ കേരള സംസ്ഥാനത്തെ മുഴുവൻ പ്രളയം അതിതീവ്രമായി ബാധിച്ച സമയത്ത് ഇടുക്കി ജില്ലയിലെ വണ്ടന്മേട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായി ജോലി നോക്കിയിരുന്ന ശ്രീ. ഡി അനിൽ കുമാർ ഓഫീസിൽ ഹാജരാകാതിരിക്കുകയും ദുരിതാശ്വാസ ക്യാമ്പുകളിൽ പങ്കെടുക്കാതെ അവധിയിൽ തുടർന്നതും ഗ്രാമപഞ്ചായത്തിൽ ലഭിക്കുന്ന കെട്ടിട നിർമ്മാണാനുമതി ലൈസൻസ് , എൻ . ഒ . സി അപേക്ഷകളിൽ ഫീൽഡ് ഇൻക്വയറി നടത്തുന്ന ക്ലാർക്കിന്റെ റിപ്പോർട്ട് ജൂനിയർ സൂപ്രണ്ടിന്റെ അഭിപ്രായത്തോടുകൂടി ലഭിച്ചിട്ടും അനേകം അപേക്ഷകളിൽ തുടർ നടപടികൾ സ്വീകരിക്കാതെ മാറ്റി വച്ചതുമായി ബന്ധപ്പെട്ട് ശ്രീ. ഡി അനിൽകുമാറിന് പരാമർശം (1) പ്രകാരം പഞ്ചായത്ത് ഡയറക്ടർ കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകി അച്ചടക്ക നടപടി ആരംഭിക്കുകയുണ്ടായി.

കുറ്റാരോപണ മെമ്മോക്ക് ടിയാൻ പരാമർശം (2) പ്രകാരം നൽകിയ എതിർവാദപത്രികയിൽ തനിക്കെതിരെയുള്ള ആരോപണങ്ങൾ നിഷേധിക്കുകയും 9.8.2018, 10.08.2018 തീയതികളിൽ ആകസ്മിക

അവധിക്ക് പ്രസിഡന്റ് മുൻപാകെ അപേക്ഷ നൽകിയിട്ടാണ് ഔദ്യോഗിക ആവശ്യത്തിനും മറ്റുമായി പത്തനംതിട്ടക്ക് യാത്രതിരിച്ചതെന്നും കൂടാതെ സംസ്ഥാന ഇലക്ഷൻ കമ്മീഷന്റെ പരിശീലന പരിപാടിയിൽ പങ്കെടുത്തു മടങ്ങവെ ശക്തമായ മഴ തുടങ്ങുകയും ടിയാന്റെ വീടിരിക്കുന്ന ഭാഗം ഒറ്റപ്പെട്ടു പോവുകയും വൈദ്യുതി, ടെലഫോൺ ബന്ധം വിച്ഛേദിച്ചു പോവുകയും ചെയ്തതിനാൽ ആരുമായും ബന്ധപ്പെടുവാൻ കഴിഞ്ഞില്ല എന്നും എങ്കിലും ഇടുക്കി പഞ്ചായത്തു ഡെപ്യൂട്ടി ഡയറക്ടറെ വിവരം അറിയിച്ചിരുന്നുവെന്നും ബോധിപ്പിച്ചിട്ടുണ്ട്. കൂടാതെ അസിസ്റ്റന്റ് സെക്രട്ടറിക്കു സെക്രട്ടറിയുടെ പൂർണ്ണ ചുമതല നൽകുകയും ചെയ്തു എന്നും വാഹനഗതാഗതം പുനരാരംഭിച്ചപ്പോൾ 21.08.2018 ന് തന്നെ ഗ്രാമപഞ്ചായത്തിൽ എത്തിച്ചേർന്നതായും എതിർവാദപത്രികയിൽ വാദിക്കുന്നു . കൂടാതെ ഓഫീസിൽ ലഭിച്ച ഒരപേക്ഷ പോലും മനഃപൂർവ്വം വച്ചു താമസിപ്പിച്ചിട്ടില്ലായെന്നും തനിക്കെതിരെ പൊതുജനങ്ങളിൽ നിന്നും പരാതികളൊന്നും ലഭിച്ചിട്ടില്ലാത്തതിനാൽ തുടർ ശിക്ഷകളിൽ നിന്നും തന്നെ ഒഴിവാക്കണമെന്നും ടിയാൻ അപ്പീൽ അപേക്ഷയിൽ ബോധിപ്പിച്ചിട്ടുണ്ട് .

ശ്രീ ഡി അനിൽകുമാർ പ്രളയ സമയത്തു മഴയുടെ തീവ്രത മാറിയപ്പോൾ ഗ്രാമപഞ്ചായത്ത് ഓഫീസിൽ ഹാജരായതും ടിയാന്റെ സ്വദേശമായ പത്തനംതിട്ട ജില്ലയിലെ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടതിനും അനുകൂല പരിഗണന നൽകി ടിയാനെതിരെയുള്ള അച്ചടക്ക നടപടിയിൽ ടിയാന്റെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിത ഫലമില്ലാതെ ഒരു വർഷത്തേക്ക് തടയുന്നുവെന്ന ലഘുശിക്ഷ നൽകി പരാമർശം (3) പ്രകാരം അച്ചടക്ക നടപടി തീർപ്പാക്കി പഞ്ചായത്ത് ഡയറക്ടർ ഉത്തരവാകുകയുണ്ടായി. പ്രസ്തുത ഉത്തരവിനെതിരെയാണ് വണ്ടന്മേട് ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ അനിൽകുമാർ പരാമർശം (4) പ്രകാരം സർക്കാരിൽ അപ്പീൽ സമർപ്പിച്ചിട്ടുള്ളത് .

പ്രസ്തുത വിഷയത്തിൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (5) പ്രകാരം ചുവടെ കുറിക്കുന്ന വസ്തുതകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2018 വർഷത്തിൽ കേരള സംസ്ഥാനത്തെ ദുരിതത്തിലാക്കിയ പ്രളയം അതിതീവ്രമായി ബാധിച്ച സമയത്ത് ഓഫീസിൽ ഹാജരാകാതിരിക്കുകയും ഗ്രാമപഞ്ചായത്ത് ജനപ്രതിനിധികളെയും ഉദ്യോഗസ്ഥരെയും സന്നദ്ധപ്രവർത്തകരെയും യോജിപ്പിച്ച് ദുരന്തനിവാരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നില്ലായെന്നും 21.08.2018 ലെ വണ്ടന്മേട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ ഇമെയിൽ സന്ദേശപ്രകാരം പരാതി ലഭിച്ചതിനെ തുടർന്ന് വകുപ്പും സർക്കാരും സമയാസമയങ്ങളിൽ നൽകിയ

എല്ലാ നിർദ്ദേശങ്ങളും അവഗണിച്ചതിനും നിരുത്തരവാദപരമായി പെരുമാറിയതിന്റെയും അടിസ്ഥാനത്തിൽ പഞ്ചായത്ത് ഡയറക്ടറുടെ 23.08.2018 തീയതിയിലെ 21919/2018-D8 (DP) ഉത്തരവ് പ്രകാരം ശ്രീ ഡി അനിൽകുമാറിനെ സർവ്വീസിൽ നിന്നും അച്ചടക്കനടപടികൾക്ക് വിധേയമാക്കിക്കൊണ്ട് സസ്പെന്റ് ചെയ്ത് ഉത്തരവാകുകയുണ്ടായി . തുടർന്ന് 06.10.2018 തീയതിയിലെ പഞ്ചായത്ത് ഡയറക്ടറുടെ കുറ്റാരോപണ മെമ്മോയിലൂടെ KCS(CC&A) ചട്ടങ്ങൾ അനുശാസിക്കും പ്രകാരം കുറ്റാരോപണ മെമ്മോ നൽകി അച്ചടക്ക നടപടി ആരംഭിച്ചുവെന്നും പ്രളയശേഷമുള്ള കേരളത്തെ പുനർനിർമ്മിക്കുക എന്ന ഭാരിച്ച ദൗത്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഓരോ ജീവനക്കാരനും ഭാഗഭാക്കാകേണ്ടതിനാൽ ടിയാൻ സേവനത്തിൽ തുടരേണ്ടതാണ് എന്ന് കണ്ട് ടിയാനെതിരെ തുടർന്ന് വന്ന അച്ചടക്ക നടപടി നിലനിർത്തി സേവനത്തിൽ പുനഃപ്രവേശിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചു എന്നും അറിയിച്ചിരിക്കുന്നു . പ്രളയ സമയത്തുള്ള കൃത്യനിർവ്വഹണ വീഴ്ച എന്നതായിരുന്നു ടിയാനെതിരെയുള്ള പ്രധാന ആരോപണം . പ്രസ്തുത വിഷയത്തിൽ ഒരു ഔപചാരിക അന്വേഷണം നടത്തുന്നതിൽ പ്രസക്തി ഇല്ലായെന്ന് കണ്ട് ആയത് ഒഴിവാക്കുകയും ടിയാനെ നേരിൽ കേട്ടതിനും ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ട് ലഭിച്ചതിനും ശേഷം ടിയാനെതിരെയുള്ള അച്ചടക്ക നടപടി ഒരു വാർഷിക ശമ്പള വർദ്ധനവ് സഞ്ചിതഫലമില്ലാതെ ഒരു വർഷത്തേക്ക് തടയുന്നു എന്ന ശിക്ഷ നൽകി പരാമർശം (3) പ്രകാരം അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തതായും പഞ്ചായത്തു ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

അപ്പീൽ അപേക്ഷയിൽ 25.03.2021 ൽ അപ്പീൽ അപേക്ഷകനെ നേരിൽ കേൾക്കുകയുണ്ടായി. തത്സമയം ടിയാൻ ചുവടെ കുറിക്കും പ്രകാരം അറിയിച്ചിട്ടുണ്ട്. ടിയാൻ ഇടുക്കി ജില്ലയിലെ വണ്ടൻമേട് ഗ്രാമപഞ്ചായത്തിൽ സേവനം അനുഷ്ഠിച്ചു വന്നിരുന്ന സമയത്ത് സംസ്ഥാനത്തെ ദുരിതത്തിലാഴ്ത്തിയ പ്രളയക്കെടുതിയിൽ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ പങ്കെടുത്തില്ല എന്നാരോപിച്ച് പഞ്ചായത്ത് ഡയറക്ടർ 23.08.2018 ലെ PAN 21919/2018- D8 (DP) ഉത്തരവ് പ്രകാരം സർവ്വീസിൽ നിന്ന് സസ്പെന്റ് ചെയ്യുകയും കുറ്റാരോപണ മെമ്മോ നൽകുകയുമുണ്ടായി എന്നും തുടർന്ന് ടിയാനെ സർവ്വീസിൽ പുനഃപ്രവേശിപ്പിക്കുകയും പാലക്കാട് ജില്ലയിലെ ഷോളയൂർ ഗ്രാമപഞ്ചായത്തിൽ നിയമിക്കുകയും ചെയ്തു എന്നും ടിയാൻ സമർപ്പിച്ച മറുപടി പരിഗണിച്ച് പഞ്ചായത്ത് ഡയറക്ടർ അച്ചടക്ക നടപടി തീർപ്പാക്കിയെങ്കിലും അന്തിമ തീർപ്പു കൽപ്പന പ്രകാരം തന്റെ വാർഷിക ശമ്പള വർദ്ധന സഞ്ചിതഫലമില്ലാതെ ഒരു വർഷത്തേക്ക് തടയുകയുണ്ടായി എന്നും അറിയിച്ചിട്ടുണ്ട്. ടിയാൻ വണ്ടൻമേട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായി സേവനം ചെയ്തിരുന്ന അവസരത്തിൽ പ്രളയദുരന്തം പഞ്ചായത്തിനെ സാരമായി ബാധിച്ചപ്പോഴും ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ പങ്കെടുക്കാതെയും

ക്യാമ്പുകളിൽ പങ്കെടുക്കാതിരുന്നതും നിരുത്തരവാദപരമായ നടപടിയായി കണക്കാക്കുന്നു എന്നതായിരുന്നു പ്രധാനമായ ആരോപണം. ആയതിനു മറുപടിയായി 13.08.2018 ന് ടിയാൻ വണ്ടൻമേട് ഗ്രാമപഞ്ചായത്തിലെ 5 - ാം വാർഡിൽ നടക്കുന്ന ഉപതെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പഞ്ചായത്തിലെ ആർ ഒ, എ ആർ ഒ എന്നിവർക്കായി സംസ്ഥാന ഇലക്ഷൻ കമ്മീഷൻ വിളിച്ചു ചേർത്ത യോഗത്തിൽ പങ്കെടുക്കുന്നതിനായി തിരുവനന്തപുരത്ത് എത്തിയെന്നും മടക്കയാത്രയിൽ സ്വദേശമായ പത്തനംതിട്ടയിൽ എത്തിയ താൻ പ്രളയദുരിതത്തിൽ അകപ്പെടുകയാണ് ഉണ്ടായതെന്നും ടിയാന്റെ വീടും പ്രദേശവും പ്രളയത്താൽ ഒറ്റപ്പെട്ടുപോയതിനാൽ ഓഫീസിലേക്കുള്ള മടക്കയാത്ര അസാദ്ധ്യമായതിനാലാണ് ഓഫീസിൽ എത്തിച്ചേരാൻ കഴിയാതിരുന്നത് എന്നും അറിയിച്ചു. ഇതു സംബന്ധമായ വിശദമായ മറുപടി നൽകിയിട്ടുള്ളതും പ്രളയത്തിൽ അകപ്പെട്ട താൻ ഓഫീസിൽ എത്താൻ കഴിയാത്ത വിവരം ബന്ധപ്പെട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ അറിയിക്കുകയും തന്റെ അപേക്ഷ പരിഗണിച്ച് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറിക്ക് സെക്രട്ടറിയുടെ പൂർണ്ണ അധിക ചുമതല നൽകുന്നതിന് രേഖാമൂലമായ ഉത്തരവ് നൽകുകയുമുണ്ടായി എന്നും പ്രളയക്കെടുതിമൂലം ഒറ്റപ്പെട്ടുപോയ തനിക്ക് തിരികെ എത്തിച്ചേരാൻ കഴിഞ്ഞില്ലെങ്കിലും പത്തനംതിട്ട ജില്ലയിൽ താൻ മുമ്പ് ജോലി ചെയ്തിരുന്നതും പമ്പാനദി കരകവിഞ്ഞതുമൂലം പ്രളയദുരിതം ഭീകരമായി ബാധിച്ചതുമായ മല്ലപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിലെ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കുകയുണ്ടായി എന്നും ഇക്കാര്യത്തിന് ആധാരമായി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ സാക്ഷ്യപത്രം സമർപ്പിക്കുകയുമുണ്ടായി. 05.07.2018 ൽ സെക്രട്ടറിയായി ചുമതല ഏറ്റെടുത്തിട്ടും 11.07.2018 ൽ ഗ്രാമപഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചിട്ടും ഗുണഭോക്തൃലിസ്റ്റ് നിർവ്വഹണ ഉദ്യോഗസ്ഥർക്ക് കൈമാറിയിട്ടില്ല എന്നതായിരുന്നു അടുത്ത ആരോപണം. ഗുണഭോക്തൃ ലിസ്റ്റ് ഗ്രാമപഞ്ചായത്ത് അംഗീകരിച്ചു എങ്കിലും പ്രസിഡന്റ് മിനുട്ട്സ് അംഗീകരിക്കാതിരുന്നതിനാലാണ് നിർവ്വഹണ ഉദ്യോഗസ്ഥർക്ക് കൈമാറാതിരുന്നത് എന്ന് കുറ്റാരോപിതൻ അറിയിക്കുകയുണ്ടായി. 26.09.2018 ൽ അതായത് താൻ സസ്പെൻഷനിലായി ഒരു മാസവും 3 ദിവസവും കഴിഞ്ഞിട്ടാണ് പ്രസിഡന്റ് മിനിട്ട്സ് അംഗീകരിക്കുന്നത്. ഗ്രാമപഞ്ചായത്തിൽ ലഭിക്കുന്ന അപേക്ഷകളിൽ സെക്ഷൻ ക്ലാർക്ക്, ജൂനിയർ സൂപ്രണ്ട് എന്നിവർ അഭിപ്രായക്കുറിപ്പ് സഹിതം സമർപ്പിച്ച അനേകം അപേക്ഷകളിൽ തീർപ്പു കൽപ്പിച്ചിട്ടില്ല എന്ന് ആരോപിച്ചിരിക്കുന്നു. എന്നാൽ ആരുടെ അപേക്ഷയാണെന്നോ എന്ത് അപേക്ഷയാണെന്നോ സ്പഷ്ടമാക്കാത്തതിനാൽ ഇക്കാര്യം പരിശോധിക്കാൻ സാധിച്ചിട്ടില്ലാത്തതും എത്ര അപേക്ഷകളിന്മേൽ തീർപ്പു കൽപ്പിക്കാനുണ്ട് എന്നു സൂചിപ്പിച്ചിട്ടില്ലാത്തതാണ് എന്നും അറിയിച്ചിട്ടുണ്ട്. അപേക്ഷകൾ തീർപ്പു കൽപ്പിക്കാൻ നിയമാനുസൃതം അനുവദിച്ചിട്ടുള്ള സമയപരിധി കഴിഞ്ഞിട്ടുള്ള അപേക്ഷകൾ ഉണ്ടോ എന്നും സൂചനയില്ല. ഇതിൽ നിന്നും

ആരോപണം സാങ്കൽപ്പികം ആണ് എന്നു വ്യക്തമാണ്. അവധിയിലായിരുന്ന കാലത്ത് സെക്രട്ടറിയുടെ പൂർണ്ണ അധികചുമതല അസിസ്റ്റന്റ് സെക്രട്ടറിക്കായിരുന്നു. ഈ കാലയളവിൽ ഫയലുകൾ തീർപ്പ കൽപ്പിക്കേണ്ടത് ടിയാന്റെ ചുമതലയാണ്. ഫയലുകൾ തീർപ്പ കൽപ്പിക്കാൻ ബാക്കിയുണ്ട് എങ്കിൽ ആയതിന്റെ ഉത്തരവാദിത്വവും ടിയാന്റേതാണ്. അവധിയിൽ നിന്നും ജോലിയിൽ തിരികെ പ്രവേശിച്ചതിനു ശേഷം മാത്രമേ തനിക്ക് ഫയലുകളിന്മേൽ തീർപ്പ കൽപ്പിക്കാൻ കഴിയൂ. 21.08.2018 വൈകുന്നേരമാണ് താൻ അവധി കഴിഞ്ഞ് തിരികെ ജോലിയിൽ പ്രവേശിക്കുന്നത്. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് തനിക്കെതിരെ നൽകിയ പരാതി സംബന്ധിച്ച് അന്വേഷിക്കുവാൻ തനിക്ക് ഒരു നോട്ടീസ് പോലും നൽകാതെ പീരുമേട് പെർഫോർമൻസ് ഓഡിറ്റ് സൂപ്പർവൈസർ ശ്രീ ജോഗേഷ് കുമാർ , പെർഫോർമൻസ് ഓഡിറ്റ് ജൂനിയർ സൂപ്രണ്ട് അജി കെ. തോമസ് എന്നിവരുടെ നേതൃത്വത്തിലുള്ള പെർഫോർമൻസ് ഓഡിറ്റ് ടീം പഞ്ചായത്തിലെത്തി. ഓഫീസിലെ മുഴുവൻ ഫയലുകളും അവർ കസ്റ്റഡിയിൽ എടുക്കുകയും അന്നേ ദിവസം ഓഫീസ് പ്രവർത്തനം പൂർണ്ണമായും തടസ്സപ്പെടുത്തുകയും ചെയ്തു. അവർ നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അന്നു വൈകുന്നേരം സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയാണുണ്ടായത് എന്നും ടി അന്വേഷണം നടക്കുന്ന സമയത്ത് വണ്ടൻമേട് ഗ്രാമപഞ്ചായത്ത് മുൻ അസിസ്റ്റന്റ് സെക്രട്ടറിയും, പെർഫോർമൻസ് ആഡിറ്റ് ജൂനിയർ സൂപ്രണ്ടുമായിരുന്ന ശ്രീ അജി കെ തോമസിന് മലപ്പുറം ജില്ലയിലെ വണ്ടൂർ ഗ്രാമപഞ്ചായത്തിലേക്ക് സെക്രട്ടറിയായി നിയമനം ലഭിച്ചിരുന്നു എന്നും നിയമനം ലഭിച്ച് ആഴ്ചകളായിട്ടും പ്രൊമോഷൻ തസ്തികയിൽ ജോലിയിൽ പ്രവേശിക്കാതെ ടിയാൾ പെർഫോർമൻസ് ഓഡിറ്റിൽ തന്നെ ജൂനിയർ സൂപ്രണ്ടായി ജോലിയിൽ തുടരുകയായിരുന്നു എന്നും സ്വന്തം ജില്ലയിൽ നിയമനം ലഭിക്കുന്നതിന് ഒഴിവുണ്ടാക്കുന്നതിനുള്ള ടിയാന്റെ നീക്കത്തിന്റെ ഫലമാണ് പഞ്ചായത്ത് പ്രസിഡന്റിന്റെ പരാതിയും പരാതിയിന്മേലുള്ള അന്വേഷണവും ടി അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ പെർഫോർമൻസ് ഓഡിറ്റ് വിഭാഗം തയ്യാറാക്കിയ വാസ്തവവിരുദ്ധമായ റിപ്പോർട്ടും എന്ന് ശ്രീ.ഡി. അനിൽകുമാർ അറിയിക്കുകയുണ്ടായി. കൂടാതെ ശ്രീ അജി കെ തോമസിനെ വണ്ടൻമേട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായി ഉടൻ തന്നെ നിയമിക്കുകയും ഇപ്പോഴും തുടരുകയും ചെയ്യുന്നു എന്നും തന്റെ അപ്പീൽ പരിഗണിച്ച് പഞ്ചായത്ത് ഡയറക്ടറുടെ ഉത്തരവ് പ്രകാരം തനിക്കുമേൽ ചുമത്തിയിരിക്കുന്ന ശിക്ഷ ഒഴിവാക്കി നൽകണം എന്നും അപേക്ഷിച്ചിട്ടുണ്ട്.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു.. വണ്ടന്മേട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയായി സേവനം ചെയ്തിരുന്നപ്പോൾ പ്രളയ ദുരന്തം നാടിനെയാകെ സാരമായി ബാധിച്ചപ്പോൾ ഓഫീസിൽ ഹാജരാകാതിരിക്കുകയും ദുരിതാശ്വാസ ക്യാമ്പുകളിൽ പങ്കെടുക്കാതെ അവധിയിൽ

തുടർന്നതും തികച്ചും നിരുത്തരവാദപരമായ നടപടിയാണ് എന്നതിൽ സംശയമില്ല . ഗ്രാമപഞ്ചായത്ത് സെക്രട്ടറി ആയി 05.07.2018 ൽ ചുമതല ഏറ്റിട്ടും 11.07.20108 ൽ ഗ്രാമപഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച നൽകിയ ഗുണഭോക്തൃ ലിസ്റ്റ് ബന്ധപ്പെട്ട നിർവഹണ ഉദ്യോഗസ്ഥർക്ക് കൈമാറാതിരിക്കുകയും ടി വിഷയത്തിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പരാതിപ്പെടാൻ ഇടയായതും ഗൗരവമേറിയ വിഷയം തന്നെയാണ് . ഗ്രാമപഞ്ചായത്തിൽ ലഭിക്കുന്ന കെട്ടിട നിർമ്മാണാനുമതി ലൈസൻസ്, എൻ.ഒ. സി അപേക്ഷകളിൽ ഫീൽഡ് ഇൻക്വയറി നടത്തുന്ന ക്ലാർക്ക് എന്നവരുടെ റിപ്പോർട്ട് ജൂനിയർ സൂപ്രണ്ടിന്റെ അഭിപ്രായത്തോടുകൂടി ലഭിച്ചിട്ടും അനേകം അപേക്ഷകളിൽ നടപടികൾ ഒന്നും സ്വീകരിക്കാതെ മാറ്റി വച്ചത് ദുരുദ്ദേശ്യത്തോടെയാണെന്ന വിലയിരുത്തൽ ശരി വയ്ക്കേണ്ടിയിരിക്കുന്നു. ഗ്രാമപഞ്ചായത്തിൽ ലഭിക്കുന്ന കെട്ടിടനിർമ്മാണാനുമതി ലൈസൻസ് , എൻ ഓ സി അപേക്ഷകളിൽ ഫീൽഡ് ഇൻക്വയറി നടത്തുന്ന ക്ലാർക്കിന്റെ റിപ്പോർട്ട് ജൂനിയർ സൂപ്രണ്ടിന്റെ അഭിപ്രായത്തോടുകൂടി ലഭിച്ചിട്ടും അനേകം അപേക്ഷകളിൽ നടപടികൾ ഒന്നും സ്വീകരിക്കാതെ മാറ്റി വച്ചത് കൃത്യനിർവ്വഹണത്തിലെ വീഴ്ചയാണ് .

കൃത്യനിർവ്വഹണ വീഴ്ച , ഉത്തരവാദിത്വമില്ലാത്ത പെരുമാറ്റം , അച്ചടക്കലംഘനം എന്നിവ മുൻനിർത്തിയാണ് ടിയാന് മേൽ സൂചിപ്പിച്ച പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിക്ഷ നിശ്ചയിച്ച അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവായിട്ടുള്ളത് . ഇക്കാര്യത്തിൽ അപേക്ഷകന് ലഘുശിക്ഷയാണ് ( ഒരു വാർഷിക ശമ്പള വർദ്ധനവ് സഞ്ചിതഫലമില്ലാതെ ഒരു വർഷത്തേക്ക് തടയുന്ന എന്ന ശിക്ഷ ) ചുമത്തിയിട്ടുള്ളത് . ആകയാൽ പഞ്ചായത്ത് ഡയറക്ടറുടെ നടപടി ശരിവച്ചുകൊണ്ട് പരാമർശം (5) പ്രകാരമുള്ള ടിയാന്റെ അപ്പീൽ അപേക്ഷ നിരസിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എ
ഡെപ്യൂട്ടിസെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ശ്രീ.ഡി.അനിൽകുമാർ, മുൻ പഞ്ചായത്ത് സെക്രട്ടറി, വണ്ടൻമേട് ഗ്രാമപഞ്ചായത്ത്.

(പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം

ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by Sudheer S S
Date: 28-06-2021 11:00:45
Reason: Approved
സെക്ഷൻ ഓഫീസർ